# LGBTQIA+
# DISASTER RISK REDUCTION



**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**

**2025**

# LGBTQIA+

## DISASTER RISK REDUCTION

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**
ഓബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ.
തിരുവനന്തപുരം, കേരളം 695033

## LGBTQIA+ ദുരന്തസാധ്യത ലഘൂകരണം (DRR)


**തയ്യാറാക്കിയത്**

**അമൃത എൻ**

(സെന്റർ ഫോർ ഡിസാസ്റ്റർ സ്റ്റഡീസ്, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി)

**എഡിറ്റർമാർ**

**അമൃത കെ**

(ഹസാർഡ് അനലിസ്റ്റ് & എൻവയൺമെന്റ് സ്പെഷ്യലിസ്റ്റ്, കെ.എസ്.ഡി.എം.എ)

**മിഥില മല്ലിക**

(സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ & ഐഎജി കൺവീനർ, കെ.എസ്.ഡി.എം.എ)

**പരിഭാഷ**

അപർണ ജയൻ

(ഭാരതിദാസൻ യൂണിവേഴ്സിറ്റി)



**പ്രസിദ്ധീകരിച്ചത്**

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**

ഓബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ.

തിരുവനന്തപുരം

കേരളം 695033

www.sdma.kerala.gov.in





പതിനൊന്നാമത് കേരള ക്വിയർ പ്രൈഡ് മാർച്ച് 2022, കൊല്ലം. ഫോട്ടോ: അമൃത എൻ

# ഉള്ളടക്കം


I ആമുഖം ........................................................1

II പദശേഖരം ........................................................3

III ദുരന്തസമയത്ത് LGBTQIA+ സമൂഹം നേരിടുന്ന വെല്ലുവിളികൾ.......5

IV ട്രാൻസ്ജെൻഡർ ദുരന്ത ലഘൂകരണപദ്ധതി ..................................7

V പ്രതിരോധത്തിന്റെ ശബ്ദങ്ങൾ ........................................9

VI ഉപസംഹാരം ........................................................16

VII മാർഗനിർദേശങ്ങൾ ................................................17

അനുബന്ധം ........................................................19



# I ആമുഖം

**"LGBTQIA+"** എന്ന പദമാലിക ലിംഗവും ലൈംഗിക ന്യൂനപക്ഷ സ്വത്വങ്ങളെ പ്രതിനിധീകരിക്കുന്നു. ഇതിൽ ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ, എന്നിവർ ഉൾപ്പെടുന്നു. LGBTQIA+ ലിംഗഭേദവും ലൈംഗിക ഐഡന്റിറ്റിയും കാരണം അവർ വ്യവസ്ഥാപരമായ വിവേചനം, അക്രമം, സാമൂഹിക ഒഴിവാക്കൽ എന്നിവ നേരിടുന്നു. ദുരന്തങ്ങളുടെ സമയത്ത് ഈ ദുർബലതകൾ കൂടുതൽ വർധിക്കുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിലെ ലഘൂകരണം, തയ്യാറെടുപ്പ്, രക്ഷാപ്രവർത്തനം, പുനർനിർമ്മാണം എന്നിവയുൾപ്പെടെ നിരവധി വെല്ലുവിളികൾ അവർ നേരിടുന്നു.

ദുരന്തങ്ങളിൽ LGBTQIA+ ജനത നേരിടാൻ സാധ്യതയുള്ള വെല്ലുവിളികൾ പ്രധാനമായും അവർക്ക് സ്വന്തമായി താമസ സൗകര്യമില്ല, സാമ്പത്തിക സുരക്ഷിതത്വത്തിന്റെ അഭാവം എന്നിവകൊണ്ടാണ്. LGBTQIA+ സമുദായത്തിൽ ഭൂരിഭാഗവും വാടക വീടുകളിലാണ് താമസിക്കുന്നത് എന്നതിനാലും, നമ്മുടെ ജന്മ കുടുംബങ്ങളുമായി സങ്കീർണമായ ബന്ധങ്ങൾ ഉള്ളതിനാലും, സ്ഥിരമായ ഒരു ഒരു വിലാസം രജിസ്റ്റർ ചെയ്യാൻ കഴിയില്ല. പക്ഷെ സമൂഹത്തിന്റെ പൂർണ പിന്തുണയോടെ, നമുക്ക് ഈ പ്രതിസന്ധിയെ ഒരു പരിധിവരെ മറികടക്കാൻ കഴിയും.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നൽകുന്ന മുന്നറിയിപ്പുകൾ LGBTQIA+ സമൂഹങ്ങളിലേക്ക് എത്താത്തത് എന്തുകൊണ്ട് ? നിലവിലെ സാമൂഹിക സാഹചര്യത്തിൽ ദുരന്ത നിവാരണത്തിന് എന്തൊക്കെ തടസ്സങ്ങളുണ്ട് , ഈ സമൂഹത്തിന് ദുരന്ത നിവാരണ തയ്യാറെടുപ്പ് കൈകാര്യം ചെയ്യാൻ കഴിയാത്തത് എന്തുകൊണ്ട് ? ഒരു ദുരന്തത്തെ അതിജീവിക്കാൻ ഈ സമൂഹത്തിന് എന്തൊക്കെ സഹായങ്ങൾ ആവശ്യമാണെന്ന് കണ്ടെത്തുന്നതിനായി കേരള ദുരന്ത നിവാരണ അതോറിറ്റി നടത്തുന്ന ഈ അന്വേഷണങ്ങളുടെ തുടക്കമാണ് ഈ കോഫി ടേബിൾ പുസ്തകം.



# II | പദശേഖരം

### പ്രധാന പദമാലിക

| | |
|---|---|
| LGBTQIA+ | ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങളെ ചുരുക്കി പറയുന്ന പദം |
| DM | ദുരന്ത നിവാരണം |
| DRR | ദുരന്തങ്ങൾ സംഭവിക്കുന്നതിനുള്ള സാധ്യത കുറയ്ക്കുക എന്നതാണ് ലക്ഷ്യമിടുന്നത് |

### ലൈംഗിക സ്വത്വങ്ങളുമായി ബന്ധപ്പെട്ട പദാവലി

| | |
|---|---|
| Lesbian | സ്ത്രീയോട് മാത്രം പ്രണയം / ലൈംഗിക താല്പര്യങ്ങൾ തോന്നുന്ന സ്ത്രീ അല്ലെങ്കിൽ ജെൻഡർ ക്യുവെർ വ്യക്തി |
| Gay | പുരുഷനോട് മാത്രം പ്രണയം / ലൈംഗിക താല്പര്യങ്ങൾ തോന്നുന്ന പുരുഷൻ അല്ലെങ്കിൽ ജെൻഡർ ക്യുവെർ വ്യക്തി |
| Bisexual | സ്ത്രീയോടോ പുരുഷനോടോ അല്ലെങ്കിൽ രണ്ടു ജൻഡറിലും പ്പെടുന്ന വ്യക്തികളോട് പ്രണയം ലൈംഗിക ആകർഷണം തോന്നുന്ന വ്യക്തി |
| Asexual | ലൈംഗികാകർഷണം വളരെ കുറഞ്ഞ നിലയ്ക്കോ ഒട്ടും തന്നെയോ അനുഭവപ്പെടാത്ത വ്യക്തി |
| Homosexual | ഒരേ ജൻഡറിൽ ഉള്ളവരോട് ലൈംഗിക ആകർഷണമോ പ്രണയമോ അനുഭവിക്കുന്ന വ്യക്തി |

| | |
|---|---|
| Heterosexual | വിപരീത ലിംഗത്തിലുള്ളവരോട് ലൈംഗിക ആകർഷണമോ പ്രണയമോ അനുഭവിക്കുന്ന വ്യക്തി |
| Homophobia | സമലിംഗ സഹവാസത്തെക്കുറിച്ചുള്ള ഭയം, വിദ്വേഷം |
| Pansexual | പ്രണയം, ലൈംഗികാകർഷണം എന്നിവ ജൻഡർ അടിസ്ഥാനത്തിൽ അല്ലാതെ അനുഭവപ്പെടുന്ന വ്യക്തി |

## ലിംഗ വൈവിധ്യവുമായി ബന്ധപ്പെട്ട പദങ്ങൾ

| | |
|---|---|
| Cisgender | ജനന സമയത്ത് അടയാളപ്പെടുത്തിയ ജൻഡർ ഭാവത്തിൽ യോജിച്ചു പോകുന്നവർ |
| Gender binary | ആണും പെണ്ണും രണ്ടു ജൻഡർ മാത്രമേ ഉള്ളു എന്ന അടിസ്ഥാനത്തിൽ രണ്ട് ജൻഡറുകളെ ദ്വന്ദ ദിശയിൽ കാണുന്ന സംവിധാനം |
| Intersex | ബയോളോജിക്കലി പുരുഷന്റെയും സ്ത്രീയുടെയും സ്വഭാവത്തിൽ ജനിച്ചവർ |
| Transgender | ജനനസമയത്ത് അടയാളപ്പെടുത്തിയ ജൻഡറുമായി യോജിച്ചു പോകാത്തവർ |
| Transphobia | ട്രാൻസ്ജെൻഡർ വ്യക്തികളോടുള്ള ഭയം |
| Non-binary | പുരുഷൻ അല്ലെങ്കിൽ സ്ത്രീ എന്ന രണ്ട് ജൻഡർ സ്വത്വവും അനുഭവിക്കുന്നവരോ രണ്ടു ജൻഡറിലും സ്വയം മനസിലാക്കാത്തവരോ ആയ വ്യക്തികൾ |

## ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട പദങ്ങൾ

| | |
|---|---|
| Disaster | ഒരു സമൂഹത്തിന്റെ സാധാരണ പ്രവർത്തനത്തിൽ ഗുരുതരമായ തടസം സൃഷ്ടിക്കുന്ന അപായ സംഭവങ്ങൾ |
| Evacuation | അപായ സംഭവത്തിന് മുമ്പോ, സമയത്തോ, അതിനു ശേഷമോ വ്യക്തികളെയും അവരുടെ സ്വത്തുക്കളെയും താത്കാലികമായി സുരക്ഷിതമായ സ്ഥലങ്ങളിലേക്കു മാറ്റുന്ന പ്രക്രിയ |
| Hazard | ദുരന്തം ഉണ്ടാകാനുള്ള സാധ്യത |
| Vulnerability | ഭൗതിക, സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക ഘടകങ്ങളാൽ നിർണയിക്കപ്പെടുന്ന ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ സംവിധാനങ്ങളുടെയോ ദുർബലവാസ്ഥ |



# III ദുരന്തസമയത്ത് LGBTQIA+ സമൂഹം നേരിടുന്ന വെല്ലുവിളികൾ

സാമൂഹിക അംഗീകാരമില്ലായ്മ, സാമ്പത്തിക സുരക്ഷിതത്വം ഇല്ലാത്ത സാഹചര്യം , താമസിക്കാൻ വീടില്ലാത്ത അവസ്ഥ എന്നിവ LGBTQIA+ സമൂഹത്തെ ദുരന്തസമയത്ത് നിസ്സഹായരാക്കുന്നു. ദുരന്തസമയത്ത് LGBTQIA+ സമൂഹം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചാണ് ഈ ഭാഗം.

### സാമ്പത്തിക സുരക്ഷിതത്വവും ഉപജീവനമാർഗ്ഗവും

LGBTQIA+ സമുദായത്തിൽ, പ്രത്യേകിച്ച് ട്രാൻസ്ജെൻഡർ സമൂഹത്തിൽപ്പെട്ടവർ, കടുത്ത സാമ്പത്തിക അസ്ഥിരത നേരിടുന്നു. പലരും ലൈംഗിക തൊഴിൽ , ദിവസ വേതന തൊഴിലുകൾ ചെയ്തു ഉപജീവനം സാധ്യമാക്കുന്നു. ദുരന്ത സമയത്ത് ഇത് ഇവരെ കൂടുതൽ ദുർബലർ ആക്കുന്നു. ദുരന്ത സമയത്ത് അവർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ കൃത്യമായി രേഖപ്പെടുത്താനും സാധിച്ചിട്ടില്ല.

### താമസിക്കാൻ വീടില്ലാത്ത സാഹചര്യം

ദൈനംദിന ജീവിതത്തിലും ദുരന്ത സാഹചര്യങ്ങളിലും താമസസ്ഥലം ഒരു പ്രധാന വെല്ലുവിളിയായി തുടരുന്നു. മിക്ക ദുരന്ത നിവാരണ ക്യാമ്പുകളും ലിംഗലൈംഗിക ന്യൂനപക്ഷങ്ങളോട് വിവേചനം കാണിക്കുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ ലിംഗലൈംഗിക വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന പ്രോട്ടോകോളുകളുടെ അടിയന്തര ആവശ്യകതയെ ഇത് എടുത്തു കാണിക്കുന്നു.

### LGBTQIA+ വ്യക്തികൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേരിടുന്ന വിവേചനങ്ങൾ.

രക്ഷാപ്രവർത്തനം, പുനരധിവാസം തുടങ്ങി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടങ്ങളിലും ഘഏആഠഝകഅ+ വ്യക്തികൾ വ്യവസ്ഥാപിതമായ വിവേചനം നേരിടുന്നു. ക്വിയർട്രാൻസ് വ്യക്തികളുടെ പ്രത്യേക ആവശ്യങ്ങൾക്ക് പരിഗണന ലഭിക്കുന്നില്ല. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നിലനിൽക്കുന്ന സാമൂഹിക ജൻഡർ ദ്വന്ദത്തിൽ അടിസ്ഥാനപ്പെടുത്തിയാണ് നടക്കുന്നത് .

### ദുരന്തസമയത്ത് LGBTQIA+ വ്യക്തികളുടെ ആരോഗ്യം

മാനസികാരോഗ്യം, സാമൂഹികാരോഗ്യം, ശാരീരിക ആരോഗ്യത്തിലും ദുർബലരായി കാണപ്പെടുന്ന സമുദായമാണ് ക്യുവെർ . ആരോഗ്യമേഖല ക്യുവെർ വ്യക്തികളെ സമൂഹത്തെ ഉൾച്ചേർത്തുകൊണ്ട് കൂടുതൽ വിശാലമാകണം എന്ന വാദം നിലനിൽക്കുന്നു.

LGBTQIA+ വ്യക്തികൾ നേരിടുന്ന ഉയർന്ന തോതിലുള്ള വിഷാദം, ആത്മഹത്യ പ്രവണത എന്നിവ ദുരന്ത സമയത്ത് കൂടുതൽ ആകുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക്, ഹോർമോൺ തെറാപ്പിയിലേക് പ്രവേശനം അത്യാവശ്യമാണ് . ഒരു സൗന്ദര്യവർദ്ധക മുൻഗണന എന്ന നിലയിലല്ല, മറിച്ച് ജീവിതത്തെ ഉറപ്പിക്കുന്ന ഒരു മെഡിക്കൽ എന്ന നിലയിലാണ്. ദുരന്തസമയത്ത് ഹോർമോൺ ചികിത്സയ്ക്കുള്ള തടസ്സങ്ങൾ, പണത്തിന്റെ അഭാവം മൂലം ഉത്കണ്ഠ, വിഷാദം, ഡിസ്ഫോറിയ എന്നിവയുൾപ്പെടെയുള്ള ഗുരുതരമായ ശാരീരിക പാർശ്വഫലങ്ങളും കാര്യമായ മാനസിക ക്ലേശങ്ങളും ഇവർ നേരിടുന്നു.

### മുന്നറിയിപ്പുകളെക്കുറിച്ചും നിലവിലുള്ളും മറ്റ് ദുരന്ത നിവാരണ സംവിധാനങ്ങളെക്കുറിച്ചുമുള്ള അവബോധക്കുറവ്

ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങളിൽ എല്ലാവരിലും തന്നെ ദുരന്ത വിവരങ്ങൾ ലഭിക്കുന്നില്ല എന്നത് പ്രതിസന്ധിയായി നിലനിൽക്കുന്നു. ലൈംഗിക ന്യൂനപക്ഷങ്ങൾക്കായി തിരിച്ചറിയൽ രേഖ ഇല്ല. ലിംഗ ന്യൂനപക്ഷങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മാത്രമാണ് തിരിച്ചറിയൽ രേഖ ഉള്ളത് എന്നതും പ്രതിസന്ധി ആണ് .






# IV ട്രാൻസ്ജെൻഡർ ദുരന്ത ലഘൂകരണപദ്ധതി





ട്രാൻസ്ജെൻഡർ, ലിംഗ വൈവിധ്യ സമൂഹങ്ങളെ ദുരന്ത സാധ്യതാ ലഘൂകരണത്തിന്റെ (DRR) എല്ലാ ഘട്ടങ്ങളിലും സംയോജിപ്പിക്കുന്നതിനായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) ട്രാൻസ്ജെൻഡർ ദുരന്ത ലഘൂകരണപദ്ധതി ആരംഭിക്കുകയുണ്ടായി. ട്രാൻസ്ജെൻഡർ വ്യക്തികളുടെ ദുർബലത മനസിലാക്കാനും അവരെ ദുരന്തനിവാരണത്തിലെ പ്രതികരണപ്രവർത്തങ്ങളിലും പ്രാപ്തരാക്കാനും ആണ് ഈ പദ്ധതി ലക്ഷ്യം വെക്കുന്നത്.

ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ എല്ലാവരെയും ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതി നടപ്പാക്കുന്ന ആദ്യസംസ്ഥാനം ആണ് കേരളം. ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന പ്രത്യേക വെല്ലുവിളികളെ അംഗീകരിക്കുക, ദുരന്ത നിവാരണത്തിൽ അവരുടെ പങ്കാളിത്തം ശക്തിപ്പെടുത്തുക, പ്രതിസന്ധി ഘട്ടങ്ങളിൽ ആരും പിന്നോട്ട് പോകുന്നില്ലെന്ന് ഉറപ്പാക്കുക എന്നിവയാണ് ഇതിന്റെ പ്രാധാന്യം. ദുരന്ത തയ്യാറെടുപ്പ്, പ്രതികരണം, പ്രതിരോധം എന്നിവയുടെ ചാമ്പ്യന്മാരാകാൻ ട്രാൻസ്ജെൻഡർ സമൂഹങ്ങളെ ശാക്തീകരിക്കുക എന്നതിൽ ഊന്നിയാണ് ഈ പദ്ധതി മുന്നോട്ട് കൊണ്ട് പോകുന്നത്

2020 ൽ മലപ്പുറത്താണ് ട്രാൻസ്ജെൻഡർ ദുരന്തലഘൂകരണ പദ്ധതിക്ക് ആരംഭം കുറിച്ചത്. ദുരന്ത ബോധവൽക്കരണ പരിപാടികളിലും പൊതു വേദികളിലും ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി അംഗങ്ങളുടെ അഭാവം ഒരു പ്രധാന വിടവായി തിരിച്ചറിയുകയുണ്ടായി. ഇതിനെത്തുടർന്ന്, മലപ്പുറം ഡിഡിഎംഎ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച്, സമൂഹത്തിനായി ഒരു ദിവസത്തെ സംവേദനാത്മക പരിശീലന സെഷൻ സംഘടിപ്പിച്ചു. ജില്ലാ കളക്ടർ നേരിട്ട് പരിപാടിയിൽ പങ്കെടുത്തു, പങ്കെടുക്കുന്നവരുമായി ഇടപഴകുകയും സ്ഥാപനപരമായ പിന്തുണ ശക്തിപ്പെടുത്തുകയും ചെയ്തു. തുടർനടപടിയായി, ട്രാൻസ്ജെൻഡർ സമൂഹത്തിലെ അംഗങ്ങൾക്ക് കാലാവസ്ഥാ മുന്നറിയിപ്പുകളും ദുരന്തവുമായി ബന്ധപ്പെട്ട വിവരങ്ങളും പ്രചരിപ്പിക്കുന്നതിനായി ജില്ലയ്ക്കായി ഒരു സമർപ്പിത ആശയവിനിമയ ഗ്രൂപ്പ് സൃഷ്ടിച്ചു.

പരിശീലനം ലഭിച്ച സംഘം പിന്നീട് കോവിഡ്19 പാൻഡെമിക് സമയത്ത് ബോധവൽക്കരണ കാമ്പെയ്നുകളെ പിന്തുണച്ചും കമ്മ്യൂണിറ്റി അടുക്കളകളിൽ പങ്കെടുത്തും സജീവ പങ്കുവഹിച്ചു. പകർച്ചവ്യാധിയിലുടനീളം, സാമൂഹിക നീതി വകുപ്പിന്റെ പിന്തുണയോടെ അവരുടെ ക്ഷേമം ഉറപ്പാക്കി.

സംസ്ഥാന തലത്തിൽ, ഒരു ട്രാൻസ്ജെൻഡർ ഡിആർആർ കമ്മിറ്റി രൂപീകരിച്ചു, കേരളത്തിലുടനീളം പദ്ധതി കൂടുതൽ വികസിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി രണ്ട് ദിവസത്തെ സംസ്ഥാന കൺസൾട്ടേഷൻ പരിപാടിയും സംഘടിപ്പിച്ചു.



# V | പ്രതിരോധത്തിന്റെ ശബ്ദങ്ങൾ

ദുരന്തകാലഘട്ടങ്ങളെ അതിജീവിക്കുന്നതിനായി പ്രയത്നിച്ച LGBTQIA+ വ്യക്തികളുടെ സംഭാവനകളാണ് ഈ അധ്യായത്തിൽ എടുത്തുകാണിക്കുന്നത്.

# അതിജീവനവും മനുഷ്യത്വവും

## ഫൈസൽ ഫൈസു



ഫൈസൽ ഫൈസു ഒരു പ്രമുഖ മനുഷ്യാവകാശ പ്രവർത്തകയും തൃശ്ശൂരിലെ ജ്വാല സിബിഒയുടെ ഇപ്പോഴത്തെ പ്രസിൺഡന്റുമാണ്.

ഒന്നാമത്തെ കേരള എൽജിബിടിക്യുഐഎ+ സ്വാഭിമാനഘോഷയാത്ര 2009–ഇൽ തൃശ്ശൂരിൽ സംഘടിപ്പിച്ചവരിൽ ഒരാളാണ് ഫൈസൽ.

ചാലക്കുടിയിലെ തീരദേശ മേഖലയിൽ നിന്നുള്ള ഒരു ട്രാൻസ് വനിതയാണ് ഫൈസൽ ഫൈസു. 2018 ലെ വെള്ളപ്പൊക്കത്തിൽ അവരുടെ കുടുംബം മുഴുവൻ ക്യാമ്പുകളിലായിരുന്നു. ഒരു ട്രാൻസ് സ്ത്രീ എന്ന നിലയിൽ ക്യാമ്പുകളിലിൽ പോകാൻ സുരക്ഷിതമല്ല എന്നത് കൊണ്ടവർ ക്യാമ്പിൽ പോയില്ല. മറിച്ച് പ്രതിസന്ധി സാഹചര്യങ്ങളിൽ സമുദായത്തെ സഹായിക്കാൻ പ്രതിജ്ഞാബദ്ധയായ ഒരു സാമൂഹിക പ്രവർത്തക എന്ന നിലയിൽ അവർ സമൂഹത്തിനുവേണ്ടി സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. കേരളത്തിലെ 2018–ലെ വിനാശകരമായ വെള്ളപ്പൊക്കത്തിൽ, ട്രാൻസ്ജെൻഡർ സമൂഹം കടുത്ത ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ ഫൈസൽ സേവനപ്രവർത്തനങ്ങൾക്കായി ഇറങ്ങി.

ഈ സമൂഹത്തിന്റെ തനതായ ആവശ്യങ്ങളെക്കുറിച്ച് പരിചയമില്ലാത്ത മുഖ്യധാരാ സന്നദ്ധ സംഘടനകൾക്ക് ആവശ്യമായ സഹായം നൽകാൻ സാധിച്ചില്ല. ചുറ്റുമുള്ളവരുടെ ദുരിതാവസ്ഥ തിരിച്ചറിഞ്ഞുകൊണ്ട്, ദുരന്തബാധിതരായ സമൂഹത്തിലെ അംഗങ്ങളുടെ ക്ഷേമത്തിന് പ്രായോഗികമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി അവരുടെ സുഹൃത്തുക്കളായ അജയനും ശിൽപയും ചേർന്ന് പണം സമാഹരിച്ച് ആവശ്യക്കാർക്ക് വേണ്ട സാധനങ്ങൾ അർഹതപ്പെട്ടവരുടെ വീടുകളിൽ ചെന്നു കൃത്യസമയത്ത് എത്തിച്ചു കൊടുത്തു. പ്രതിസന്ധി ഘട്ടങ്ങളിൽ ഒരുമിച്ച് നിന്ന് അർഹതപ്പെട്ടവരിലേക്ക് അവകാശങ്ങൾ എത്തിക്കാൻ ഉള്ള ഫൈസലിന്റെ ശ്രമങ്ങൾ പലർക്കും ആശ്വാസം പകർന്നു.




എട്ടാം കേരള ക്വിയർ പ്രൈഡിൽ നിന്നുള്ള ചിത്രം. മുന്നിൽ ഫൈസൽ ബാനർ പിടിച്ചുനിൽക്കുന്നു.

# കോവിഡ്പ്രതിസന്ധിയിൽ ട്രാൻസ്ജെൻഡർ സമൂഹത്തിന്റ പ്രതീക്ഷയായ

**സാൻജോ സ്റ്റീവ്**



സാൻജോ സ്റ്റീവ് LGBTQIA+ സമൂഹത്തിന്റെ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുന്ന വ്യക്തിയാണ്. അദ്ദേഹം എറണാകുളം സ്വദേശിയാണ്.

നിലവിൽ സാമൂഹിക നീതി വകുപ്പിന്റ TG സെല്ലിൽ പ്രോജക്ട് അസിസ്റ്റന്റായും ജില്ലാ ജസ്റ്റിസ് ബോർഡ് കമ്മിറ്റി അംഗമായും

സേവനം അനുഷ്ഠിക്കുന്ന സാൻജോ, കോവിഡ് 19 പാൻഡെമിക് സമയത്ത്, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വേണ്ടി അദ്ദേഹം പ്രവർത്തിച്ചു. സാമ്പത്തിക അരക്ഷിതാവസ്ഥ, താമസസ്ഥലം, വൈദ്യസഹായം ലഭിക്കാത്ത അവസ്ഥ എന്നിവയ്ക്കിടയിൽ, ദുരന്തകാലഘട്ടങ്ങൾ അവരെ കൂടുതൽ പ്രതിസന്ധികളിലേക്കാഴ്ത്തുന്നു. ഒരു ട്യൂഷൻ സെന്ററിൽ അധ്യാപകനായിരുന്ന സാൻജോയ്ക്ക് തന്റെ ട്രാൻസ് ഐഡന്റിറ്റി കാരണം ലോക്ക്ഡൗണിന് ദിവസങ്ങൾക്ക് മുമ്പ് ജോലി നഷ്ടപ്പെട്ടു.

സാൻജോ ഒരു ഓർഗാനിക് ഫാമിൽ ജോലി ചെയ്യാൻ തുടങ്ങിയിരുന്നു. ദുഷ്കരമായ കോവിഡ് സമയങ്ങളിൽ 25 ട്രാൻസ്മെൻമാർക്ക് അഭയകേന്ദ്രങ്ങൾ സ്ഥാപിക്കാൻ സാൻജോ മുൻകൈയെടുത്തു.

ഈ പ്രവർത്തി പലർക്കും ആവശ്യമായ ആശ്വാസം നൽകി. എന്നിരുന്നാലും, പ്രതിസന്ധി ഭക്ഷണത്തിനും പാർപ്പിടത്തിനും അപ്പുറത്തേക്ക് വ്യാപിച്ചു. ഹോർമോൺ തെറാപ്പിയുടെ അഭാവം പല ട്രാൻസ്മെൻമാർക്കും കഠിനമായ പ്രതിസന്ധികളുണ്ടാക്കി.

ഹോർമോൺ തെറാപ്പി പെട്ടന്ന് നിന്നതിന്റെ ഭാഗമായി പല ട്രാൻസ് പുരുഷന്മാർക്കും ആർത്തവം വീണ്ടും തുടങ്ങി. അതവരിൽ മാനസിക പ്രതിസന്ധികൾ ഉണ്ടാക്കി, പലരും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകവരെ ചെയ്തു.

കോവിഡ്-19 മഹാമാരി LGBTQIA+ സമുദായത്തിന് ഒരു പൂർണ്ണ ദുരന്തമായിരുന്നു. ഹോർമോൺ തെറാപ്പി, ഭക്ഷണം, പാർപ്പിടം തുടങ്ങി എല്ലാം സമുദായത്തിന്റെ ശേഷിക്ക് അപ്പുറമായിരുന്നു . ഇത് പലരെയും ആത്മഹത്യാ പ്രവണതകളിലേക്കും ആത്മഹത്യകളിലേക്കും നയിച്ചു.

# യുവജന പ്രവർത്തനങ്ങളിൽ നിന്ന് ദുരന്തനിവാരണത്തിൽ

## ഹർഷിന്റെ സേവനവും ദൃഢതയും

വർക്കലയിലെ ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂളിലെ പഠന സമയത്താണ് സമൂഹസേവനത്തിലേക്കുമുള്ള ഹർഷിന്റെ യാത്ര ആരംഭിച്ചത്. അവിടെ അദ്ദേഹം ആവേശത്തോടെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി) പ്രോഗ്രാമിൽ ചേർന്നു. എസ്.പി.സിയിലൂടെ ആണ് അദ്ദേഹം സിവിൽ ഡിഫൻസ് പ്രവർത്തനങ്ങളിൽ സജീവമാകുന്നത്. സിവിൽ ഡിഫൻസിന്റെ സമഗ്ര പരിശീലനം അദ്ദേഹം പൂർത്തിയാക്കി. ദേശീയ തലത്തിൽ ആപ്ദ മിത്ര പരിപാടി ആരംഭിച്ചതോടെ ഹർഷ് അതിന്റെ ഭാഗമായി .

ജില്ലാ – സംസ്ഥാന തലങ്ങളിൽ പരിശീലനം പൂർത്തിയാക്കി. വർക്കലയിൽ, ബാഹുബലി സിനിമയുടെ റിലീസിനോടനുബന്ധിച്ചുണ്ടായ ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിൽ ഹർഷ് നിർണായക പങ്ക് വഹിച്ചു. ആവേശത്തിനടയിലും സുരക്ഷയും ക്രമസമാധാനവും ഉറപ്പാക്കി.





# സമൂഹത്തിനായുള്ള കരുണയുടെ ശക്തി

## ദുരന്തങ്ങളിൽ നീതുവിന്റെ സംഭാവന



വിവിധ സിനിമ ഇൻഡസ്ട്രീസിൽ വർഷങ്ങളുടെ പരിചയമുള്ള ഒരു ഛായാഗ്രാഹകയായ നീതു നിലവിൽ ആക്ഷൻ എയ്ഡുമായി ബന്ധപ്പെട്ട് സാമൂഹ്യപ്രവർത്തനങ്ങൾ ചെയ്യുന്നു. കൂടാതെ ടോട്ടം റിസോഴ്സ് സെന്ററിന്റെ പ്രസിഡന്റായും സേവനം അനുഷ്ഠിക്കുന്നു. അവർ ഒരു അഭിനിവേശമുള്ള ക്യാമ്പറും സംരംഭകയുമാണ്. കോട്ടയം സ്വദേശിയായ നീതു കഴിഞ്ഞ കുറച്ചു വർഷങ്ങളായി വയനാട്ടിലാണ് താമസിക്കുന്നത്. ജൂലൈ 30ന് രാവിലെയാണ് ചൂരൽമല മുണ്ടകൈ ദുരന്തത്തെക്കുറിച്ച് സഹോദരൻ ഫോൺ ചെയ്തു ചോദിക്കുമ്പോഴാണ് നീതു അറിയുന്നത്. അന്നുമുതൽ ദുരന്തബാധിത സമൂഹങ്ങളെ സഹായിക്കുന്നതിനായി പൂർണ്ണഹൃദയത്തോടെ സ്വയം സമർപ്പിച്ചു. ആദ്യ ദിവസം, മെഡിക്കൽ സാധനങ്ങൾ തീർന്നുപോയപ്പോൾ, നീതു ഉടൻ തന്നെ കോഴിക്കോടും എറണാകുളത്തുമുള്ള ആശുപത്രികളുമായി ബന്ധപ്പെടുകയും ആവശ്യമായ മെഡിക്കൽ സാധനങ്ങൾ ക്രമീകരിക്കുകയും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി ബന്ധപ്പെടുകയും ചെയ്തു.

രണ്ടാം ദിവസം, ദയനീയമായ അന്തരീക്ഷത്തിൽ അവർ അക്ഷീണം പ്രവർത്തിച്ചു, മൃതദേഹങ്ങൾ പായ്ക്ക് ചെയ്യുകയും കൊണ്ടുപോകുകയും ചെയ്തു. മൂന്നാം ദിവസമായപ്പോഴേക്കും വൈകാരികമായ ആഘാതം നീതുവിനെ ആഴത്തിൽ ബാധിക്കാൻ തുടങ്ങി, ആ പ്രദേശത്ത് തുടരുന്നത് അവരെ ബുദ്ധിമുട്ടേറിയ അവസ്ഥയിലാക്കി. ആ സമയത്ത്, മേപ്പാടി ഗ്രാമപഞ്ചായത്തിൽ നിന്ന് അവർക്ക് ഒരു കോൾ ലഭിച്ചു, അവരുടെ മാധ്യമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട്. അന്നുമുതൽ, പ്രതിസന്ധി ഘട്ടത്തിൽ തെറ്റായ വിവരങ്ങളും വ്യാജ വാർത്തകളും വേഗത്തിൽ പ്രചരിക്കുന്നതിനാൽ, നീതു അവിടുത്തെ മാധ്യമ പ്രവർത്തനങ്ങളെ ഏകോപിച്ചുവരുന്നു. കൃത്യമായ അപ്ഡേറ്റുകളും വിവര വ്യാപനവും ഉറപ്പാക്കിക്കൊണ്ട് പഞ്ചായത്തിന്റെ ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് അക്കൗണ്ടുകൾ അവർ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നു.

# ദൃഢനിശ്ചയത്തിന്റെയും ആവേശത്തിന്റെയും യാത്ര

**ബിന്നിയുടെ കഥ**

കേരളത്തിൽ നിന്നുള്ള 50 വയസ്സുള്ള, ആർട്ടിസ്റ്റ് ആയിട്ടുള്ള ബിന്നി, കഷ്ട്ടപാടുകളും വിജയ നിമിഷങ്ങളും നിറഞ്ഞ ഒരു ജീവിതം നയിച്ചു. പത്ത് സഹോദരങ്ങളിൽ ഇളയവനായതിനാൽ, മാതാപിതാക്കളെ നേരത്തെ നഷ്ടപെട്ട അദ്ദേഹം സഹോദരിയുടെ സംരക്ഷണത്തിലാണ് വളർന്നത്. ചെറുപ്പം മുതലേ, നൃത്തത്തിലും മേക്കപ്പിലും ബിന്നിക്ക് ആഴമായ അഭിനിവേശമുണ്ടായിരുന്നു, ഇത് 23 ആം വയസ്സിൽ " ഫ്രണ്ട്സ് " എന്ന തന്റെ സാംസ്കാരിക ഗ്രൂപ്പിനൊപ്പം തെരുവുകളിൽ പ്രകടനം നടത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു.



*സ്വീറ്റ് മരിയ. ക്വിയർ പ്രവർത്തകയും കേരള ക്വിയർ പ്രൈഡ് മാർച്ചിന്റെ സഹസ്ഥാപകയും. ആദ്യ കേരള ക്വിയർ പ്രൈഡിൽ നിന്നുള്ള ചിത്രം.*

അദ്ദേഹത്തിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും വസ്ത്രധാരണത്തിനായി പോകുന്നു, കൂടാതെ ഓഫ് സീസണിൽ അദ്ദേഹം പലപ്പോഴും കാറ്ററിംഗ് ജോലികൾ ചെയ്യുന്നു. 2018ൽ, കേരള വെള്ളപ്പൊക്കം തന്റെ വീടിനെ വെള്ളത്തിലാഴ്ത്തിയപ്പോൾ, ദുരിതാശ്വാസ ക്യാമ്പുകളിൽ നിരസിക്കപ്പെടുമെന്ന് ബിന്നി ഭയപ്പെട്ടു, തന്റെ പ്രകടന സാമഗ്രികൾ, വസ്ത്രങ്ങൾ വിലയേറിയ വസ്തുക്കൾ എന്നിവയെല്ലാം നഷ്ടപ്പെട്ടതിന്റെ ആഘാതം നേരിടുകയും ചെയ്തു.



*മാർഷ പി. ജോൺസൺ. പ്രമുഖ ക്വിയർ പ്രവർത്തകയും സ്റ്റോൺവാൾ പ്രതിഷേധത്തിന്റെ നേതാക്കളിലൊരാളും.*

# പഠനങ്ങളുടെ ഉപസംഹാരം

ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സർക്കാർ ഏജൻസികൾ, എൻജിഒകൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവയിൽ നിന്ന് LGBTQIA+ വ്യക്തികളെ ഒഴിവാക്കുന്നു. വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ, ഇങ്ങനെ മാറ്റിനിർത്തപ്പെട്ട സമൂഹം തന്നെ സമൂഹത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ കേസുകളിൽ തങ്ങളുടെ സമൂഹത്തിലുള്ള മറ്റുള്ളവരെ പിന്തുണയ്ക്കുന്നതിനായി നിലവിലുള്ള നെറ്റ്വർക്കുകൾ സജീവമാക്കിയ വ്യക്തികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

മതിയായ സംസ്ഥാന പിന്തുണയുടെ അഭാവത്തിൽ ദുരന്തസാധ്യത ലഘൂകരിക്കുന്നതിന് LGBTQIA+ ആളുകൾക്കിടയിൽ ഗണ്യമായ ശ്രമങ്ങളും ഉണ്ടായിരുന്നു. ഉദാഹരണത്തിന്, 2018ൽ, പതിനാല് ട്രാൻസ്ജെൻഡർ ആളുകൾ, അവരിൽ ഭൂരിഭാഗവും ദൈനംദിന ആഹാരം കണ്ടെത്താൻ പാടുപെടുന്നവർ 'പറയാൻ മറന്ന കഥകൾ' (മറന്ന കഥകൾ) എന്ന പേരിൽ ഒരു നാടകം അവതരിപ്പിച്ചു. രണ്ട് മണിക്കൂർ ദൈർഘ്യമുള്ള നാടകം തമിഴ്നാട് ആസ്ഥാനമായുള്ള LGBTQIA+ ആക്ടിവിസ്റ്റ് ശ്രീജിത്താണ് സംവിധാനം ചെയ്തത്, തിരുവനന്തപുരത്ത് അരങ്ങേറുകയുമുണ്ടായി. തിരുവനന്തപുരത്തെ സ്ക്രീനിംഗിൽ നിന്ന് ടിക്കറ്റുകൾക്കായി ലഭിച്ച മുഴുവൻ വരുമാനവും 2018-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി CMDRF-ന് സംഭാവന ചെയ്തു.

മറ്റൊരു ഉദാഹരണം തിരുപ്പൂരിലെ 60 ഓളം ട്രാൻസ്ജെൻഡർ ആളുകൾ, അവരിൽ ഭൂരിഭാഗവും ഭിക്ഷാടനം ചെയ്ത് ഉപജീവനം നടത്തിയിരുന്നവർ, കേരളത്തിലെ വെള്ളപ്പൊക്ക ദുരിതബാധിതരെ സഹായിക്കുന്നതിനായി തങ്ങളുടെ സംഭാവനകൾ നൽകി. ഗോതമ്പ് മാവ്, എണ്ണ, ബിസ്കറ്റുകൾ, സാനിറ്ററി നാപ്കിനുകൾ തുടങ്ങിയ 30,000 രൂപ വിലവരുന്ന വസ്തുക്കൾ അവർ ജില്ലാ സാമൂഹിക ക്ഷേമ ഉദ്യോഗസ്ഥർക്ക് കൈമാറി.



*2021ലെ കോവിഡ് മഹാമാരിക്കാലത്ത് ആത്മഹത്യ ചെയ്തതോ കൊലചെയ്യപ്പെട്ടതോ ആയ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ചിത്രം. കൊല്ലത്ത് നടന്ന 2022 കേരള ക്വിയർ പ്രൈഡ് ഫോട്ടോ പ്രദർശനത്തിൽ നിന്നുള്ള ചിത്രം. ഫോട്ടോ: അമൃത. എൻ*

# VI ഉപസംഹാരം

കേരളത്തിലെ LGBTQIA+ സമൂഹം ദുരന്തകാലത്തെ എങ്ങനെ അതിജീവിച്ചുവെന്ന് വെളിപ്പെടുത്താൻ കമ്മ്യൂണിറ്റി അംഗങ്ങളുമായുള്ള അഭിമുഖങ്ങൾ ഞങ്ങൾ ഈ റിപ്പോർട്ടിൽ ഉപയോഗിച്ചിട്ടുണ്ട്. ദുരന്തസമയത്ത് കേരളത്തിലെ ക്വിയർ വ്യക്തികളുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ പുസ്തകം എഴുതിയിരിക്കുന്നത്. ദുരന്തസമയത്ത് ക്വിയർ സമൂഹത്തിന്റെ കണക്കെടുപ്പ് ഒരു വലിയ പ്രതിസന്ധിയായിതുടരുന്നു. ക്വിയർ വ്യക്തികളെ തിരിച്ചറിയാൻ കഴിയുന്ന ഒരു സാഹചര്യം നിലവിൽ ഇല്ല. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങൾ നേരിടുന്ന പ്രതിസന്ധിയും ഇതാണ്.ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ LGBTQIA+ സമൂഹത്തെ ഉൾപ്പെടുത്തണം. അങ്ങനെ LGBTQIA+ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു അടിത്തട്ടിലുള്ള പൊളിച്ചുമാറ്റൽ സമീപനം നാം സ്വീകരിക്കണം. അതിനുവേണ്ടി, ദുരന്തസമയത്ത് വ്യക്തികൾ നേരിട്ട പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തുക എന്നതാണ് ആദ്യപടി. എന്നിരുന്നാലും, സമീപകാല COVID-19 മഹാമാരിക്ക് ശേഷം ആണ് LGBTQIA+ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഒരു പ്രധാന പരിഗണനയായി മാറിയത്. കമ്മ്യൂണിറ്റികളിൽ നിന്ന് ചിതറിക്കിടക്കുന്ന വ്യക്തിഗതവും കൂട്ടായതുമായ ശ്രമങ്ങൾക്ക് പുറമെ, സമൂഹത്തിൽ നിന്നുള്ള മറ്റ് പിന്തുണകളൊന്നും ഉണ്ടായിരുന്നില്ല. എല്ലാത്തരം ഒഴിവാക്കലുകളും / മാറ്റിനിർത്തലുകളും നേരിടേണ്ടി വന്ന ഈ സമൂഹം, ദുരന്തസമയത്ത് കഴിയുന്നത്ര പൊതുസമൂഹത്തിനായി പ്രവർത്തിച്ചു.കോവിഡ് 19 മഹാമാരി സമൂഹത്തിന് ഒരു സമ്പൂർണ്ണ നാശം വിതച്ച ഒന്നായിരുന്നു. ഹോർമോൺ തെറാപ്പി, ഭക്ഷണം, പാർപ്പിടം തുടങ്ങി എല്ലാം ഈ സമൂഹത്തിന്റെ ശേഷിക്ക് അപ്പുറമായിരുന്നു. ഇത് ഈ സമൂഹത്തെ ബാധിക്കുകയും, ആത്മഹത്യാ പ്രവണതകളിലേക്കും ആത്മഹത്യകളിലേക്കും നയിക്കുകയും ചെയ്തു.തയ്യാറെടുപ്പുകൾക്കിടെ, വിലാസങ്ങൾ തിരിച്ചറിയുന്നതിലും സമൂഹത്തിൽ മുന്നറിയിപ്പുകൾ പ്രചരിപ്പിക്കുന്നതിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. രക്ഷാപ്രവർത്തനത്തിലും പുനർനിർമ്മാണത്തിലും ഇത് ഒരു പ്രശ്നമായി തുടരുന്നു.



*മാർഷ പി. ജോൺസൺ; ക്വിയർ അവകാശ പ്രവർത്തക.*

# VII മാർഗ്ഗനിർദ്ദേശങ്ങൾ

- ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ വ്യത്യസ്ത മാണ്, അതിനനുസരിച്ചാണ് ഹോർമോൺ തെറാഷി എടുക്കുന്ന വ്യക്തികളുടെ ആരോഗ്യപരമായ ആവശ്യങ്ങൾ പരിഹരിക്കേണ്ടത്. ഹോർമോൺ മുടങ്ങാതിരിക്കാനുള്ള സാഹചര്യം ഉറപ്പാക്കുക എന്നത് അത്യാവശമാണ്.
- ട്രാൻസ്മാൻ വ്യക്തികൾക്കും മെൻസ്ട്രുവേഷൻ അനുഭവപ്പെടാം, എന്നാൽ ഈ സമയത്ത് സിസ് സ്ത്രീകളുടെ പ്രശ്നങ്ങൾ മാത്രം പരിഗണിക്കുകയും ട്രാൻസ് വ്യക്തികളുടെ ആവശ്യങ്ങൾ അവഗണിക്കുകയും ചെയ്യുന്നത് ഒരു വലിയ പ്രശ്നമാണ്. ഇത്തരം അവഗണന നിലവിലുണ്ട്, ഇത് മാറ്റേണ്ടതുണ്ട് . ഭൂരിപക്ഷത്തിന്റെ സാഹചര്യം മാത്രം പരിഗണിച്ച് കാര്യങ്ങൾ നടിലാക്കുന്ന പ്രവണത മാറ്റി, എല്ലാവരുടെയും ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകി ഉൾചേർത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കേണ്ടത്.
- ദുരന്ത സമയങ്ങളിൽ ക്വിയർ വ്യക്തികൾ അനുഭവിക്കുന്ന പ്രത്യേക പ്രശ്നങ്ങളെക്കുറിച്ച് സമൂഹത്തിന് മതിയായ അവബോധം ഇല്ല. ദുരന്ത സാഹചര്യങ്ങൾ പ്രവചിക്കാനാവാത്തവയാണ്, അതിനാൽ എല്ലാ സാഹചര്യങ്ങളിലും ക്വിയർ വ്യക്തികളുടെ സുരക്ഷയും ആരോഗ്യവും ഉറപ്പാക്കാൻ തയ്യാറായിരിക്കണം.
- നിലവിലെ സംവിധാനങ്ങൾ എത്രമാത്രം ക്വിയർ ഫ്രണ്ട്ലി ആണെന്ന് വിലയിരുത്തേണ്ടതുണ്ട്. ഇതുവരെ ഇത്തരം ഒരു വിലയിരുത്തൽ നടന്നിട്ടില്ലാത്തതിനാൽ, ദുരന്തസമയങ്ങളിൽ ക്വിയർ വ്യക്തികളുടെ പ്രശ്നങ്ങൾ എങ്ങനെ നേരിടണമെന്ന് നമുക്ക് മതിയായ അറിവില്ല. ഇതിനായി കമ്മ്യൂണിറ്റി കൺസൾട്ടേഷൻ നടത്തി, വിവിധ ക്വിയർ വ്യക്തികളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കാൻ ശ്രമിക്കണം.
- ക്വിയർ വ്യക്തികൾക്ക് ഹോർമോൺ തെറാഷി തുടരാൻ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക, ഡിസാസ്റ്റർ റിലീഫ് പ്ലാനുകളിൽ ട്രാൻസ് വ്യക്തികളുടെ ആവശ്യങ്ങൾ ഉൾപ്പെടുത്തുക, റിലീഫ് ക്യാമ്പുകളിൽ ജെൻഡർഅഫർമിംഗ് സൗകര്യങ്ങൾ ഒരുക്കുക തുടങ്ങിയവ ഈ ദിശയിൽ എടുക്കേണ്ട മുൻഗണനാ നടപടികളാണ്.
- ലിംഗാധിഷ്ഠിതമായ പ്രത്യേക ആവശ്യങ്ങൾ മനസ്സിലാക്കി അവയ്ക്ക് പ്രതികരിക്കുന്ന ഒരു സിസ്റ്റം വികസിപ്പിക്കേണ്ടതുണ്ട്.
- ക്വിയർ വ്യക്തികളുടെ അനുഭവങ്ങളും ആവശ്യങ്ങളും കൂടുതൽ മുന്നിൽ കൊണ്ടുവരാൻ സമൂഹം ഒരുമിച്ച് പ്രവർത്തിക്കണം. ഇതിനായി സെൻസിറ്റീവ് ആയ ഡയലോഗുകൾ സൃഷ്ടിക്കുക, പോളിസി തലത്തിൽ മാറ്റങ്ങൾ കൊണ്ടുവരിക, എല്ലാ സാഹചര്യങ്ങളിലും ഉൾപ്പെടുത്തലിനെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് വഴി.
- ഒരു പ്രത്യേക ഗ്രൂപ്പിന്റെ ആവശ്യങ്ങൾ മാത്രം പരിഗണിക്കുന്ന സമീപനം മാറ്റി, എല്ലാവരുടെയും ആവശ്യങ്ങൾക്ക് തുല്യ പ്രാധാന്യം നൽകുന്ന ഒരു സമൂഹം നിർമ്മിക്കേണ്ടതുണ്ട്.

# അനുബന്ധം

**കേരളിലെ പ്രധാന LGBTQIA+ സംഘടനകളെ ബന്ധപ്പെടേണ്ട നമ്പർ**

| | | |
|---|---|---|
| സർക്കാർ ഇതര സംഘടനകൾ | അമിഗോസ്, എറണാകുളം | 9539299250 |
| | ദിശ, എറണാകുളം | 7591956008 |
| | സഹയാത്രിക, തൃശൂർ | 9744955866 |
| | സത്‌രംഗ്, തൃശൂർ | 9746531874 |
| | ക്യൂവെർ, മലബാറീസ് | 9633861623 |
| സമുദായ സംഘടനകൾ | ക്ഷേമ, കാസർഗോഡ് | 9048157590 |
| | പുനർജനി, കോഴിക്കോട് | 9539672278 |
| | അഭിനയ കൾച്ചറൽ സൊസൈറ്റി, വയനാട് | 9544860349 |
| | ക്യൂവെർ കലക്റ്റീവ്, മലപ്പുറം | 9746799822 |
| | ഒരുമ, പാലക്കാട് | 9847409932 |
| | ജ്വാല, തൃശൂർ | 9847649280 |
| | ദ്വയ, എറണാകുളം | 9947190697 |
| | മാർവെൽ, എറണാകുളം | 8589066082 |
| | സീഡ് സുരക്ഷ, പത്തനംതിട്ട | 9539949106 |
| | അദ്വൈത കൾച്ചറൽ സൊസൈറ്റി, കോഴിക്കോട് | 9747283003 |
| | ധ്വനി, കോട്ടയം | 7356943738 |
| | മിത്ര കൾച്ചറൽ സൊസൈറ്റി, കൊല്ലം | 9061303680 |
| | ഒഅസിസ്, തിരുവനന്തപുരം | 9645253634 |




ഗേ ലിബറേഷൻ ഫ്രണ്ട്, ലണ്ടൻ, 1970. ചിത്രം: പീറ്റർ ടാറ്റ്ചെൽ ഫൗണ്ടേഷൻ

| പ്രതിനിധികൾ | |
|---|---|
| സാൻജോ സ്റ്റീവ് | ജില്ല ട്രാൻസ്ജൻഡർ ബോർഡ് അംഗം, എറണാകുളം<br>8893526719 |
| സിദ്ധാർഥ് | ജില്ല ട്രാൻസ്ജൻഡർ ബോർഡ് അംഗം, പത്തനംതിട്ട<br>9656722214 |



# പ്രധാന പോസ്റ്ററുകൾ

**ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കിയത്**

# അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കാവുന്ന ഫോൺ നമ്പറുകൾ


| | |
|---|---|
| 112 | എമർജൻസി നമ്പർ |
| 108 | ആംബുലൻസ് |
| 101 | ഫയർ ആൻഡ് റെസ്ക്യൂ |
| 1077 | ജില്ല ദുരന്ത നിവാരണ കണ്ട്രോൾ റൂം |
| 1056 | ദിശാ ഹെല്പ്ലൈൻ |
| 1912 | കെ എസ് ഇ ബി |
| 1091 | വനിത ഹെല്പ്ലൈൻ 181 |
| 1098 | ചൈൽഡ് ലൈൻ |

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**
ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം

**കൺട്രോൾ റൂം: 1070, 1079**


എന്താണ്
ഓറഞ്ച് ബുക്ക്?
സർക്കാർ വകുപ്പുകൾക്കും രക്ഷാസേനകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും മഴക്കാലത്തേക്ക് എങ്ങനെ ഒരുങ്ങാമെന്നും മഴക്കാല ദുരന്ത സാധ്യതകളെ എങ്ങനെ നേരിടാമെന്നുമുള്ള സമഗ്രമായ നിർദേശങ്ങളുടെ ഒരു മാർഗ്ഗരേഖയാണ് ഓറഞ്ച് ബുക്ക്.
എമർജൻസി നമ്പറുകൾ
1070/1079
സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റർ
112
എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS)
1077
ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ
കൂടുതൽ വിവരങ്ങൾക്കായി QR കോഡ് സ്കാൻ ചെയ്തു നോക്കുക
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി


കവചം
KaWaCHaM
Kerala Warnings Crisis and Hazards Management system
ദുരന്ത സാധ്യത മുന്നറിയിപ്പുകൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സജ്ജമാക്കിയ നൂതന സംവിധാനമാണ് കവചം.
മുന്നറിയിപ്പുകൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി സംസ്ഥാനവ്യാപകമായി 126 സൈറണുകളും സ്ട്രോബ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.
ജില്ലകളിൽ റെഡ്, ഓറഞ്ച് അലെർട്ടുകൾ പ്രഖ്യാപിക്കപ്പെട്ടാലും മറ്റ് അടിയന്തരഘട്ടങ്ങളിലും സൈറണുകൾ മുഴക്കും. ശബ്ദ സന്ദേശമായും മുന്നറിയിപ്പുകൾ നൽകും. ഓരോ അലെർട്ടുകൾക്കും വ്യത്യസ്ത ശബ്ദമായിരിക്കും പുറപ്പെടുവിക്കുക.
ദുരന്ത സാധ്യത വിശകലനങ്ങൾ, കാലാവസ്ഥ വിവരങ്ങൾ, വിഭവങ്ങൾ, സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നിവയുൾപ്പെടുന്ന തീരുമാന പിന്തുണ സംവിധാനം കവചത്തിന്റെ പ്രധാനഘടകമാണ്.
VPN വഴി പരസ്പര ബന്ധിതമായ താലൂക്ക്, ജില്ലാ, സംസ്ഥാന കണ്ട്രോൾ റൂമുകൾ, കാൾ സെന്ററുകൾ, നൂതനമായ ആശയവിനിമയോപാധികൾ തുടങ്ങിയവ കവചത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു..
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി



മഴയുടെ തീവ്രത
അതിതീവ്രമായ മഴ
Extremely heavy rain
> 204.5 mm (in 24 hrs)
Red Alert - Take Action
അതിശക്തമായ മഴ
Very Heavy Rain
115.6 to 204.4 mm (in 24 hrs)
Orange Alert - Be prepared
ശക്തമായ മഴ
Heavy Rain
64.5 to 115.5 mm (in 24 hrs)
Yellow Alert - Be updated
നേരിയതോ മിതമായതോ ആയ മഴ
Light to Moderate Rain
0.01 to 64.5 mm (in 24 hrs)
Green - No warning
RED
204.5
ORANGE
115.6
YELLOW
64.5
GREEN
0.01
NO RAIN
മഴ അപ്ഡേറ്റ്
KSDMA വെബ്സൈറ്റ്
KSDMA വാട്സ്ആപ്പ് ചാനൽ
Toll Free Numbers
1070
1079
112
1077
സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റർ
എമർജൻസി റസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS)
ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി



നിങ്ങളുടെ എമർജൻസി കിറ്റ് തയ്യാറാണോ?
1
ഒരു ദിവസത്തേക്ക് ഒരാൾക്ക് ചുരുങ്ങിയത് ഒരു ലിറ്റർ വെള്ളം
2
ബിസ്കറ്റ്, റസ്ക്, ഉണക്കമുന്തിരി, നിലക്കടല പോലെയുള്ള ലഘുഭക്ഷണ പദാർത്ഥങ്ങൾ
3
ഫസ്റ്റ് എയ്ഡ് കിറ്റ്, അതിൽ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദയസംബന്ധമായ അസുഖങ്ങൾ തുടങ്ങിയവയ്ക്കുള്ള ദിവസേന കഴിക്കുന്ന മരുന്നുകൾ, ക്ലോറിൻ, ടാബ്ലറ്റുകൾ എന്നിവ
4
ആധാരം, ലൈസൻസ്, ആധാർകാർഡ്, റേഷൻകാർഡ്, സർട്ടിഫിക്കറ്റുകൾ തുടങ്ങി വിലയേറിയ രേഖകൾ, അത്യാവശ്യത്തിനുള്ള പണം
5
ദുരന്തസമയത്ത് അപ്പപ്പോൾ നൽകുന്ന മുന്നറിയിപ്പുകൾ കേൾക്കാൻ ഒരു റേഡിയോ
6
വ്യക്തിശുചിത്വ വസ്തുക്കളായ ടൂത്ത് പേസ്റ്റ്, ടൂത്ത് ബ്രഷ്, സാനിറ്ററി പാഡ്, ടിഷ്യൂ പേപ്പർ എന്നിവ
7
ഒരു ജോടി വസ്ത്രം
8
ഭിന്നശേഷിക്കാർ ആണെങ്കിൽ അവർ ഉപയോഗിക്കുന്ന സഹായ ഉപകരണങ്ങൾ
9
വെളിച്ചത്തിനായി മെഴുകുതിരിയും തീപ്പെട്ടിയും പ്രവർത്തന സജ്ജമായ ടോർച്ചും, ബാറ്ററിയും
10
രക്ഷാപ്രവർത്തകരെ ആകർഷിക്കുന്നതിനായി വിസിൽ
11
അവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാൻ കത്തിയോ ബ്ലെയ്ഡോ
12
മുന്നറിയിപ്പുകൾ ലഭിക്കുന്നതിനായി മൊബൈൽ ഫോൺ, ചാർജ്ജർ, പവർബാങ്ക്
13
സാനിറ്റൈസറും സോപ്പും
14
മാസ്ക്
ഒരു എമർജൻസി കിറ്റ് നിങ്ങളുടെ ജീവൻ രക്ഷിച്ചേക്കാം
എമർജൻസി കിറ്റിൽ ഉണ്ടായിരിക്കേണ്ടവ
പൊതുജന താൽപര്യാർത്ഥം :
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033
Toll Free: 1070, 1079, 112
Website : www.sdma.kerala.gov.in, Email : keralasdma@gmail.com

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**

ഓബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ.

തിരുവനന്തപുരം, കേരളം 695033